# INDIAN SCHOOL SOHAR

No. of printed pages : 6
SET 1

## PRE-BOARD I EXAMINATION 2023-2024
## MALAYALAM (012)

**CLASS : X**
**DATE : 13/01/2024**

**MAX. MARK : 80**
**TIME 3 HRS**

---

## General Instructions

**Section A** : Reading Comprehension (VSAQ)
: Vocabulary Building & prose & poetry. (M.C. Q.} : 40 Marks

**Section B** : Grammar, Composition
: Literature (Prose, Poetry & Supplementary) : 40 Marks

---

## എ വിഭാഗം / Section A

**1. താഴെക്കൊടുത്തിരിക്കുന്ന ഖണ്ഡികവായിച്ച് ശരിയുത്തരം എഴുതുക ( ഓരോന്നിനും 1 മാർക്കു വീതം)**

ഗംഗയ്ക്ക് സമാനമായി മറ്റൊരു തീർഥമില്ല. ഗായത്രിയേക്കാൾ ശ്രേഷ്ഠമായ ഒരു മന്ത്രവും ഇല്ല. വേദങ്ങളിൽ സർവ്വശ്രേഷ്ഠമായ മന്ത്രമാണ് ഗായത്രി. ജഗജ്ജനനിയാണ് ഗായത്രി. നമ്മുടെ ആത്മാവ് പരമാത്മാവിന്റെ അംശമാണ്. ഗായത്രി ജപം കൊണ്ട് ഇവ ഒന്നാകുന്നു. ഒരുവൻ ജന്മാന്തരങ്ങളായി ചെയ്തുകൂട്ടിയ പാപങ്ങൾ ഇല്ലായ്മ ചെയ്യുകയാണ് മന്ത്രത്തിന്റെ പ്രാഥമിക ധർമ്മം. എപ്പോൾ സർവ്വപാപങ്ങളും നശിക്കുകയും ആത്മാവുനിർമ്മലമായി തീരുകയും ചെയ്യുന്നുവോ അപ്പോൾ മുതൽ വിശേഷരൂപേണയുള്ള ഫലങ്ങൾപ്രത്യക്ഷമായി തുടങ്ങും. ഒരു മണിമാളിക പണിയുമ്പോൾ അതിന്റെ അസ്ഥിവാരം ഉറപ്പ് ഉള്ളതാവണം. പൂർവ്വജന്മപാപങ്ങൾ ഒരുവന്റെ ജീവിതത്തെ സാരമായി ബാധിക്കാറുണ്ട്. ഗായത്രി ജപത്തിലൂടെ മുൻജന്മദുഷ്കൃതങ്ങൾ ഇല്ലാതാകുന്നു. അതിനുശേഷമേ ഉദ്ദിഷ്ട ഫലസിദ്ധി കൈവരൂ. ഗായത്രി സത്വഗുണത്തിന്റെ ശക്തിയാണ്. ആ മഹാശക്തിയെ സമർപ്പണബുദ്ധിയോടെ ഉപാസിക്കുന്നവർക്ക് മാത്രമേ മധുരഫലങ്ങൾ ലഭിക്കുകയുള്ളു. പ്രേയസ്സും ശ്രേയസ്സും ഇച്ഛിക്കുന്നവർ മന്ത്രസമന്വിതം ദേവകളെ ഉപാസിക്കാറുണ്ട്. വൈദികമന്ത്രങ്ങൾ അർത്ഥമറിയാതെ ഉച്ചരിക്കുന്നത് കൊണ്ട് ഒരിക്കലും ഫലസിദ്ധി ഉണ്ടാവുകയില്ല. യാസ്കാചര്യർ പറയുന്നത് വിറക് നല്ലതുപോലെ ഉണങ്ങിയതാണെങ്കിലും തീ കൊളുത്താതെ അത് കത്തുകയില്ല. ഇഹത്തിലും പരത്തിലും സൗഭാഗ്യം നൽകുന്ന ദേവത ഗായത്രിമാതാവാണ്. സാധകന്റെ ആത്മാവിനെ പവിത്രമാക്കുന്നതിനോടൊപ്പം ആധ്യാത്മിക ഔന്നത്യവും ലൗകിക കാമനകളുടെ സാഫല്യവും ഒരേസമയം നൽകുന്നു. വിശ്വാമിത്രമുനിയാണ് ഗായത്രി മന്ത്രത്തിന്റെ ഋഷി. അദ്ദേഹത്തിലൂടെ ബ്രഹ്മദേവൻ ആണ് ഈ മന്ത്രത്തെ സാക്ഷാത്കരിച്ചത് എന്നാണ് സങ്കല്പം. രാജർഷിയായിരുന്ന വിശ്വാമിത്രനെ ബ്രഹ്മശ്രീ ആക്കിയത് ഈ വിശുദ്ധമന്ത്രം ആണത്രേ. യാജ്ഞവൽക്യമുനി, ഭരദ്വജൻ, അഗസ്ത്യൻ തുടങ്ങിയ ഋഷിശ്വരൻമാർ ഈ മന്ത്രത്തെ വ്യാഖ്യാനിച്ചിട്ടുണ്ട്. ഗാനം ചെയ്യുന്നവരെ രക്ഷിക്കുന്നതുകൊണ്ടാണ് ഗായത്രി എന്ന പേരുണ്ടായത് എന്നാണ് യാജ്ഞവൽക്യമുനി അഭിപ്രായപ്പെട്ടിട്ടുള്ളത്.

(1 x 8 = 8 Marks)

**ചോദ്യങ്ങൾ**

1. വൈദികമന്ത്രങ്ങൾ അർത്ഥമറിയാതെ ഉച്ചരിച്ചാൽ എന്താണ് ദോഷം ?
2. ഗായത്രിമന്ത്രജപംകൊണ്ട് ഒന്നാകുന്നത് ആരെല്ലാമാണ് ?
3. ഇഹം എന്ന വാക്കിന്റെ വിപരീതാർത്ഥത്തിൽ ഈ ഖണ്ഡികയിൽ ഉപയോഗിച്ചപദം ഏതാണ് ?
4. ഗായത്രിമന്ത്രം വിശ്വാമിത്രമഹർഷിയെ ഏതവസ്ഥയിലാണ് എത്തിച്ചത് ?
5. ഗായത്രിമന്ത്രം ആരുടെ ആത്മാവിനെയാണ് പവിത്രമാക്കുന്നത് ?

6. ഉയർച്ച എന്ന അർത്ഥംവരുന്ന പദമേത് ?

7. ഗായത്രിമന്ത്രത്തിന്റെ ഋഷിആരാണ് ?

8. ഖണ്ഡികയ്ക്ക് ഉചിതമായ ശീർഷകം നർദ്ദേശിക്കുക.

**2. ഖണ്ഡികവായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.** (1 X 7 = 7)

ഭൂമി സൗരയൂഥത്തിലെ ഒരംഗമാണ്. സഹോദരഗ്രഹങ്ങളിൽ ജൈവഘടന നിലനിൽക്കുന്ന ഗ്രഹം ഭൂമി മാത്രമാണെന്നാണ് അറിയപ്പെടുന്നത്. മണ്ണിന്റെ ഘടനയും അന്തരീക്ഷവും കാലാവസ്ഥയുമാണ് ഇവിടെ ജീവൻ നിലനിൽക്കാൻ കാരണമായത്. നിരന്തര പരിണാമത്തിലൂടെ ജൈവഘടനയുടെ ഉന്നതസ്ഥാനത്ത് മനുഷ്യൻ എത്തി. മനുഷ്യനുചുറ്റും കാണുന്നതും പ്രകൃതിദത്തവുമായ അവസ്ഥയെയാണ് പരിസ്ഥിതി എന്നുപറയുന്നത്. എല്ലാവിധത്തിലുള്ള ജന്തുക്കളും സസ്യങ്ങളും അടങ്ങുന്നതാണ് പരിസ്ഥിതി. ഇത് ഒരു ജൈവികഘടനയാണ്. പരസ്പരാശ്രയത്തിലൂടെയാണ് ജീവിവർഗ്ഗവും സസ്യവർഗ്ഗവും പുലരുന്നത്. ഒറ്റപ്പെട്ട് ഒന്നിനും പുലരാനാവില്ല. ഒരു സസ്യത്തിന്റെ നിലനിൽപ്പിനു മറ്റു സസ്യങ്ങളും ജീവികളും ആവശ്യമാണ്. ഇങ്ങനെ അന്യോന്യ ആശയത്തിലൂടെ പുലരുമ്പോൾ പലമാറ്റങ്ങളും ഉണ്ടാകുന്നു. ഭൗതിക പരിസ്ഥിതിയിലുണ്ടാകുന്ന മാറ്റങ്ങൾക്കനുസരിച്ച് ജൈവ പരിസ്ഥിതിയിലും മാറ്റമുണ്ടാകുന്നു. ഈ മാറ്റങ്ങൾ പ്രതിഭാസമായി തുടരുകയും മാറ്റങ്ങളിൽ തുടർച്ച നഷ്ടപ്പെടുകയും ചെയ്യുമ്പോൾ പരിസ്ഥിതി തകരാറിലായി എന്നു നാം പറയുന്നു. വിശേഷബുദ്ധിയുള്ള ഒരു ജീവിയാണ് മനുഷ്യൻ. പ്രകൃതിയിലെ ചൂടും തണുപ്പും കാറ്റും ഏൽക്കാതെയും അതുൾക്കൊള്ളാതെയും മനുഷ്യനു ജീവിക്കാൻ കഴിയില്ല. എന്നാൽ ആധുനിക മനുഷ്യൻ പ്രകൃതിയെ കാൽച്ചുവട്ടിലാക്കി എന്ന് കരുതുന്നു. ചൂടും തണുപ്പും കൃത്രിമമായി സൃഷ്ടിച്ച് അവൻ സമശീതോഷ്ണ മേഖല നിലനിർത്തി. എന്നാൽ ഇതവന്റെ ആരോഗ്യം നശിപ്പിച്ച് രോഗിയാക്കുന്നു. അണക്കെട്ടു നിർമ്മിക്കുമ്പോഴും വനം വെട്ടി നശിപ്പിക്കുമ്പോഴും കുന്നിടിച്ചു നിരത്തുമ്പോഴും പരിസ്ഥിതിയ്ക്ക് മാറ്റം വരുന്നു. സുനാമി, മലയിടിച്ചിൽ, വെള്ളപ്പൊക്കം, കൊടുങ്കാറ്റ് എന്നിവയുടെ രൂപത്തിൽ പ്രകൃതി തിരിച്ചടിക്കുമ്പോഴാണ് മനുഷ്യൻ നിസ്സാരനാണെന്ന് സ്വയം തിരിച്ചറിയുന്നത്.

1. സൗരയൂഥത്തിൽ ജൈവഘടന നിലനിർത്തുന്ന ഗ്രഹമേത് ?
2. ഭൂമിയിൽ ജീവൻ നിലനിൽക്കാൻ കാരണമാകാത്തതെന്ത് ?
3. മനുഷ്യനു ചുറ്റും കാണുന്നതും പ്രകൃതിദത്തവുമായ അവസ്ഥയെ എന്തുപറയുന്നു ?
4. ജീവിവർഗ്ഗവും സസ്യവർഗ്ഗവും പുലരുന്നതെങ്ങനെ ?
5. ജൈവ പരിസ്ഥിതിയിൽ മാറ്റമുണ്ടാകുന്നതെങ്ങനെ ?
6. ചൂടും തണുപ്പും മനുഷ്യൻ കൃത്രിമമായി സൃഷ്ടിച്ച് നിലനിർത്തുന്നതെന്ത് ?
7. സുനാമി, വെള്ളപ്പൊക്കം, മലയിടിച്ചിൽ, കൊടുങ്കാറ്റ് എന്നിവ എന്തിന്റെ സൂചനയാണ് ?

**3. തന്നിരിക്കുന്ന പത്ത്ചോദ്യങ്ങളിൽ ഏതെങ്കിലും ഏഴെണ്ണത്തിന് ശരിയുത്തരം തെരഞ്ഞെടുത്തെഴുതുക.** (1 X 7 = 7)

a. ഓതം എന്നതിന് സമാനമായിവരാവുന്ന പദമേത് ?

a. തീരം b. നനവ്

c. വശം d. അരിക്

b. ഗായകൻ ഈ പദത്തിന്റെ എതിർലിംഗം ?

a. ഗായക b. ഗായകി

c. ഗായിക d. ഗായത്രി

c. മഞ്ഞ് - ഇതിന്റെ അർത്ഥമല്ലാത്തത് ?

a. ഹിമം b. തുഷാരം

c. തുഹിനം d. ഹേമം

d. ഭാഗീരഥീകച്ഛം- വിഗ്രഹിക്കുമ്പോൾ

a. ഭാഗീരഥിയുടെ കച്ഛം b. ഭഗീരഥന്റെ കച്ഛം

c. ഭഗീരഥനും കച്ഛവും d. ഭഗീരഥിയാലുള്ള കച്ഛം

e. കനവ് - നിനവ് ഇവയുടെ ശരിയായ അർത്ഥവ്യത്യാസം

a. സ്വപ്നം- ഓർമ്മ b. ഓർമ്മ- ഉറപ്പ്

c. ഓർമ്മ- നിറം d. ഓർമ്മ- സ്വപ്നം

f. ശരിയായ പദമേത് ?

a. ക്രോദദീപ്തൻ b. ക്രോധദീപ്ധൻ

c. ക്രോധദീപ്തൻ d. ക്രോഥദീപ്തൻ

g. രാക്കട വിഗ്രഹിക്കുമ്പോൾ

a. രാവിന്റെ കട b. രാത്രിയിലെ കട

c. തുഹിനം d. ഹേമം

h. കരിമ്പടം എന്ന പദത്തിന്റെ അർത്ഥമെന്ത് ?

a. കറുത്തപരുക്കൻ തുണി b. കമ്പിളി

c. കാലുറ d. കറുത്തവസ്തു

i. വർണം എന്ന പദത്തിന്റെ നാനാർത്ഥമല്ലാത്തതേത് ?

a. വിജയം b. നിറം

c. ജാതി d. അക്ഷരം

j. നിർദ്ദയം പിരിച്ചെഴുതുമ്പോൾ

a. നിർ+ദയം b. നി+ദയം

c. നിഃ+ദയം d. നിഃ+ദയം

**4. തന്നിരിക്കുന്ന പത്ത് ചോദ്യങ്ങളിൽ ഒമ്പതെണ്ണത്തിന് ശരിയുത്തരം തെരഞ്ഞെടുത്തെഴുക. ഓരോന്നിനും രണ്ട് മാർക്ക് വീതം** (2 X 9 = 18)

a. 'ഞാൻ പ്രയോപവേശംകൊള്ളുകയാണ്'

i. ഇത് പറഞ്ഞതാര് ?

a. ദ്രൗപതി b. യുധിഷ്ഠിരൻ

c. ദുര്യോധനൻ d. ഗാന്ധാരി

ii. ആരോടാണ് ഇത് പറയുന്നത് ?

a. അവിടെ കൂടിയവരോട് b. സഞ്ജയനോട്

c. മാതാവിനോട് d. വ്യാസനോട്

b. 'അഴകിയനാടൻ കവിതകൾ പാടിയിരിക്കും'

i. ആരാണ് പാടിയിരിക്കുന്നത് ?

a. പുള്ളുവൻ b. മാവേലി

c. കന്യകൾ d. കിടാങ്ങൾ

ii. വരികൾ ഉൾപ്പെട്ട പാഠഭാഗം

a. അമ്മത്തൊട്ടിൽ b. ഓണപ്പാട്ടുകാർ

c. ഓണമുറ്റത്ത് d. ഓണനിലാവ്

c. i. സർവ്വഭൂതാത്മാവ് ആര് ?

a. വ്യാസൻ　　b. നാരദൻ

c. ദ്രോണർ　　d. കൃപർ

ii. ഭാരതപിതാമഹനാര് ?

a. വേദവ്യാസൻ　　b. ദ്രൗണി

c. നാരദൻ　　d. സഞ്ജയൻ

d. i. അവസാനത്തെ തിരിഞ്ഞുനോട്ടത്തിന്റെ ശ്രദ്ധാഞ്ജലിയോടെ നടന്നതാര് ?

a. വെള്ളായിയപ്പൻ　　b. കണ്ടുണ്ണി

c. മരയ്ക്കാർ　　d. നീലിമണ്ണാത്തി

ii. അഞ്ജലി പദത്തിന്റെ അർത്ഥമാകുന്നത് ?

a. പൂജ　　b. കൂപ്പുകൈ

c. ആദരവ്　　d. അവസാനം

e. '**നർത്തന കലവികൾ കൊള്ളാൻ**'

i. കലവി എന്ന വാക്കുകൊണ്ട് ഉദ്ദേശിക്കുന്നത് ?

a. കറുപ്പ്　　b. ഭംഗി

c. കളികൾ　　d. യാത്ര

ii. നർത്തനകലവികൾ ആസ്വദിക്കാൻ എത്തുന്നതാര് ?

a. കവി　　b. ഗ്രാമപ്പെൺകൊടി

c. പുള്ളുവൻ　　d. മഹാബലി

f. **ഏറെപ്പണിപ്പെട്ടടച്ചു തുറന്നവർ**

i. പണിപ്പെട്ട് അടച്ചുതുറന്നതെന്ത് ?

a. മുറിയുടെ വാതിൽ　　b. അമ്മയുടെ കണ്ണുകൾ

c. കാറിന്റെ ഡോർ　　d. അപരിചിതന്റെ കണ്ണുകൾ

ii. വരികൾ ഉൾപ്പെട്ട കവിതരചിച്ചതാര് ?

a. വൈലോപ്പിള്ളി　　b. ഇടശ്ശേരി

c. റഫീക്ക്മുഹമ്മദ്　　d. റഫീക്ക് അഹമ്മദ്

g. '**മലരിൻകൂട നിറച്ചു വിറച്ചേ നിൽക്കുകയല്ലോ**'

i. ആരാണ് മലരിൻ കൂട നിറച്ച് വിറച്ച് നിൽക്കുന്നത് ?

a. മുക്കുറ്റികൾ　　b. തുമ്പകൾ

c. നെയ്യാമ്പലുകൾ　　d. കമുകിൻപൂവരി

ii. എവിടെയാണ് നിൽക്കുന്നത് ?

a. മലനാട്ടിൽ　　b. വയലിൽ

c. മേടുകളിൽ　　d. നിലാവിൽ

h. i. 'ജനകീയ കവി' - എന്നറിയപ്പെടുന്ന പ്രാചീനകവി ?

a. കുഞ്ചൻനമ്പ്യാർ b. എഴുത്തച്ഛൻ

c. ചെറുശ്ശേരി d. ഉണ്ണായിവാര്യർ

ii. ഭാഷാപിതാവിന്റെ ജന്മസ്ഥലം ?

a. തൃശൂർ b. തിരൂർ

c. തൃപ്രയാർ d. കുറ്റിപ്പുറം

i. i. വിദ്യാലയമുറ്റത്ത് കണ്ണുപൊത്തിക്കളിക്കുന്നതാര് ?

a. കുട്ടികൾ b. തെരുവുനായ്ക്കൾ

c. ഈശ്വരൻ d. കുട്ടിയേകാന്തത

ii. അശാന്തനായ് പുറത്തിറങ്ങിയതാര് ?

a. മകൻ b. അമ്മ

c. ഈശ്വരൻ d. കവി

j. i. പടക്കളത്തിൽ വീണദുര്യോധനനെ ഒടുക്കമൊന്ന് കാണാനെത്തിയത് ആര് ?

a. ഭീമൻ b. കൃപർ

c. നാരദൻ d. സഞ്ജയൻ

ii. ഇതിഹാസം എന്ന വാക്കിനർത്ഥമെന്ത് ?

a. നടന്നകഥ b. സംഭവം

c. വിവരണം d. വാക്കുകൾ

## ബി വിഭാഗം / SECTION B

5.

a. **അംഗ അംഗി വാക്യങ്ങളാക്കുക** (1 X 2 = 2)

i. റേഡിയോ വാങ്ങാനുറച്ചനാളുകളിൽ പതിവായുണ്ടായിരുന്ന പലവിധ ദുഃശ്ശീലങ്ങളും ചാക്കുണ്ണിമാറ്റിവച്ചു.

ii. ബ്രാഹ്മണർ രാജാവിന്റെ അനുജ്ഞ കിട്ടിയിട്ടേ യുദ്ധം ചെയ്യാവൂഎന്നാണ് ധർമ്മജ്ഞൻമാരുടെ അഭിപ്രായം.

b. **വാക്യത്തിൽ തെറ്റുണ്ടെങ്കിൽ തിരുത്തുക.** (1 X 2 = 2)

i. ഓരോദിവസം കഴിയുന്തോറും നമ്മുടെ ആരോഗ്യശീലങ്ങൾ മാറിക്കൊണ്ടിരിക്കുകയാണ്.

ii. ദിനംപ്രതിപരിമാണത്തിന് വിധേയനായിക്കൊണ്ടിരിക്കുന്ന ജീവിയാണ് മനുഷ്യർ.

c. **പ്രയോഗം മാറ്റുക** (1 X 2 = 2)

i. എന്നാൽ ശാശ്വതലോകങ്ങൾ നേടപ്പെടുമെന്ന് ദുര്യോധനൻ പറയപ്പെട്ടു.

ii. പ്രകൃതിബിംബങ്ങളെ കവിതയിലാവിഷ്ക്കരിച്ച കവിയായി വൈലോപ്പിള്ളി മാറി.

d. **ഏതെങ്കിലും രണ്ടെണ്ണം ആശയം വ്യക്തമാകത്തക്കവിധം വാക്യത്തിൽ പ്രയോഗിക്കുക.** (1 X 2 = 2)

i. മൂലോച്ഛേദംവരുത്തുക iii. അന്ധാളിക്കുക

ii. കാലനൂർപൂകിക്കുക

6.

a. **താഴെകൊടുത്തിരിക്കുന്ന ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് ഒന്നരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.**

i. ദേശീയവിദ്യാഭ്യാസനയത്തിന്റെ മേന്മകൾ. (5)

ii. ഭരണരംഗങ്ങളിലെ അഴിമതി.

b. **പത്രത്തിൽ തുടർച്ചയായിവന്നുകൊണ്ടിരിക്കുന്ന തിരുത്ത് ചൂണ്ടിക്കാട്ടി പ്രമുഖപത്രത്തിന്റെ പത്രാധിപർക്ക് കത്ത് തയ്യാറാക്കുക.** (5)

c. **'തകരുന്ന കുടുംബബന്ധങ്ങളും പതറുന്ന യുവതലമുറയും' ഈ വിഷയത്തെക്കുറിച്ച് നിങ്ങളുടെ സാഹിത്യക്ലബ്ബ് സംഘടിപ്പിച്ച സെമിനാറിന്റെ റിപ്പോർട്ട് തയ്യാറാക്കുക.** (4)

7. **തന്നിരിക്കുന്നതിൽ ഏതെങ്കിലും രണ്ടെണ്ണത്തിന് മാത്രം ഉത്തരം എഴുതുക.** (3 X 2 = 6)

a. സുയോധനൻ എന്നും ദുര്യോധനൻ എന്നും വിരുദ്ധാർത്ഥങ്ങളിലെ പേര് നൽകിയതിലെ ഔചിത്യമെന്ത് ? വിവരിക്കുക.

b. പൊതിച്ചോറ് കഥയിലെ ശക്തമായ ഒരു കഥാപാത്രമായി മാറുന്നതെങ്ങനെയെന്ന് വിവരിക്കുക.

c. ചിരഞ്ജീവികളിൽ പ്രധാനിയായി അശ്വത്ഥാമാവ് മാറിയതെങ്ങനെയെന്ന് വിവരിക്കുക.

8. **തന്നിരിക്കുന്നതിൽ ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക്മാത്രം ഉത്തരമെഴുതുക.** (3 X 2 = 6)

a. 'അശാന്തനായ് കാറ്റൊന്നുകൊള്ളാനിറങ്ങിയോ' - ഈ വരിയിൽ പ്രകടമാവുന്ന ഭാവമെന്ത് ? എത്രമാത്രം അത് ഈ കവിതയ്ക്കുയോജിക്കുന്നു.

b. 'ഇവരറിയുന്നീലെന്നഭിമാനം' - ആരാണ് അഭിമാനം തിരിച്ചറിയാത്തത് ? ഇതിൽപ്രകടമാകുന്ന ആശയമെന്ത് ? വിവരിക്കുക.

c. ഓണത്തെ മലയാളനാട് വരവേൽക്കുന്നതെങ്ങനെയെന്ന് വിവരിക്കുക.

9. **തന്നിരിക്കുന്നതിൽ ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് മാത്രം ഉത്തരമെഴുതുക** (3 X 2 = 6)

a. സ്വാമികളുടെ ശിഷ്യപരമ്പരയിൽ പ്രധാനപ്പെട്ടവർ ആരെല്ലാം ? അവരുടെ പ്രവർത്തനരീതികൾ എന്തെല്ലാമെന്ന് വിലയിരുത്തുക.

b. വിജ്ഞാനദാഹിയായ വിപ്ലവകാരിയായി ചട്ടമ്പിസ്വാമികൾമാറിയതെങ്ങനെ ? വിശദീകരിക്കുക.

c. 'പിഞ്ചുമനസ്സ് വേദനിപ്പിക്കുന്നത് സ്വാമികൾക്ക് സഹിക്കാനാവുമായിരുന്നില്ല' - പാഠഭാഗത്തെ അടിസ്ഥാനമാക്കി വിശദീകരണക്കുറിപ്പ് നൽകുക.

*******